പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 319 | 28/11/2018 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

## രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന തട്ട് കടകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എം. വിൻസെന്റ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന തട്ട് കടകളിൽ പലതും വൃത്തി ഹീനമായ സാഹചര്യത്തിൽ പ്രവർ ത്തിക്കുന്നതാണെന്നും, പാചകത്തിന് ഉപയോഗിക്കുന്ന എണ്ണ മായം ചേർത്തതും ഗുണനിലവാരമില്ലാത്തതും ആണെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) | രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന തട്ടു കടകളിൽ ചിലത് വൃത്തിഹീനമായ സാഹചര്യത്തിൽ പ്രവർത്തിക്കുന്നതാ ണെന്നും പാചകത്തിന് ഉപയോഗിക്കുന്ന എണ്ണ പരിശോധിച്ചതിൽ ചിലത് ഗുണ നിലവാരമില്ലാത്തതാണെന്നും കണ്ടെത്തി യിട്ടുണ്ട്. എന്നാൽ തട്ടുകടകളിൽ മായം ചേർത്ത എണ്ണ ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടില്ല. |
| ബി) | പ്രസ്തുത സ്ഥാപനങ്ങളിൽ പാചകം ഉൾപ്പെടെയുള്ള ജോലികൾ ചെയ്യുന്നത് ഇതര സംസ്ഥാന തൊഴിലാളികൾ ആണോ; വ്യക്തമാക്കാമോ; | ബി) | ചില തട്ടുകടകളിൽ ഇതര സംസ്ഥാന തൊഴിലാളികൾ പാചകം ഉൾപ്പെടെയുളള ജോലികൾ ചെയ്തുവരുന്നുണ്ട്. |
| സി) | പ്രസ്തുത തൊഴിലാളികൾക്ക് നിയമാനു സൃതമായ മെഡിക്കൽ പരിശോധന സർട്ടിഫിക്കറ്റുകൾ ഉറപ്പാക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്; | സി) | ഭക്ഷ്യസുരക്ഷാ നിയമം 2006 അനുസരിച്ച് എല്ലാ ഭക്ഷ്യ സംരംഭകർക്കും തൊഴിലാളികൾക്കും ഹെൽത്ത് കാർഡ് നിർബന്ധമാണ്. തൊഴിലാളികൾക്ക് Medical fitness certificate ഉണ്ടെന്ന് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ പരി ശോധനയിൽ ഉറപ്പു വരുത്തുന്നുണ്ട്. ഇതു ലംഘിക്കുന്നവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം നിയമാനുസൃതമായ നടപടികൾ ഭക്ഷ്യ |

| | | | |
|---|---|---|---|
| | | | സുരക്ഷാ ഉദ്യോഗസ്ഥർ സ്വീകരിക്കുന്നുണ്ട്. കൂടാതെ തട്ടുകടകളുമായി ബന്ധപ്പെട്ട ഭക്ഷ്യസംരംഭകർക്ക് മൊബൈൽ വിജില ൻസ് സ്ക്വാഡിന്റെ സഹകരണത്തോടു കൂടിയും 'ഭക്ഷ്യസുരക്ഷാ ഗ്രാമപഞ്ചായത്ത് പദ്ധതി' യുടെ ഭാഗമായും ബോധവൽ ക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. |
| ഡി ) | ഭക്ഷ്യസുരക്ഷ വകുപ്പ് ഇത് സംബന്ധിച്ച് പരിശോധന നടത്താറുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ രണ്ടുമാസം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്? | ഡി) | സംസ്ഥാനത്തൊട്ടാകെ കഴിഞ്ഞ രണ്ടുമാസ ത്തിനുള്ളിൽ 167 രാത്രികാല തട്ടുകടകളിൽ പരിശോധന നടത്തിയിട്ടുണ്ട്. ചട്ട വ്യതി യാനങ്ങൾക്ക് 37 തിരുത്തൽ നോട്ടീസ് നൽകിയിട്ടുണ്ട്. കൂടാതെ ഈ കാലയളവിൽ 21000 രൂപ പിഴയിനത്തിൽ അടപ്പിച്ചിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ